**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5356** **15-03-2023 - ൽ മറുപടിയ്ക്ക്**

**തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ വിലത്തകർച്ചയെത്തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റ് കൃഷിയിലേക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2023 ഫെബ്രുവരി മാസം വരെ 1035.331 ഹെക്ടർ സ്ഥലത്തെ റബ്ബർ വെട്ടിമാറ്റി മറ്റു വിളകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട് |
| (ബി) | ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ സംയോജിത കൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഒന്നെങ്കിലും ആവിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമാക്കുമോ; | (ബി) | സാധ്യമായ എല്ലാ സ്ഥലത്തും സംയോജിത കൃഷിയും ബഹുവിള സമ്പ്രദായവും വ്യാപിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം . അതിനായി നിലവിൽ തുടർന്ന് വരുന്ന വിള അധിഷ്ഠിത ആസൂത്രണ സമീപനത്തിൽ നിന്നും മാറി കൃഷിയിട അധിഷ്ഠിത ആസൂത്രണ സമീപനത്തിലേയ്ക്ക് സർക്കാർ മാറിയിട്ടുണ്ട്. ഈ സമീപനത്തിന്റെ ഭാഗമായി 10760 മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽ 1000 എണ്ണം സംയോജിത കൃഷി പ്രാവർത്തികമാകുന്ന കൃഷിയിടങ്ങളാണ്. കൃഷി വകുപ്പ് മാനദണ്ഡങ്ങൾക്ക നുസരിച്ച് സംയോജിത കൃഷി സമ്പ്രദായം നടപ്പാക്കുന്ന കൃഷിയിടങ്ങൾക്ക് 25,000 രൂപ ആനുകൂല്യമായി ലഭിയ്ക്കും. 2023-24 വാർഷിക പദ്ധതിയിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയിൽ സംയോജിത കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന ഘടകം ഉൾപ്പെടുത്തുന്നതാണ്. ആയതു സംബന്ധിച്ച പ്രൊപ്പോസലിൽ ഇത്തരം കൃഷിയിടങ്ങൾ പഞ്ചായത്തിൽ ഒരെണ്ണം എന്ന തോതിൽ ഉൾപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കേരളത്തിലെ പഴം-പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെയും സഹകരണ ബാങ്കുകളുടെയും | (സി) | സർക്കാർ നിലവിൽ സ്വീകരിച്ചു വരുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുമ്പോൾ ത്രിതല |

| | | | |
|---|---|---|---|
| | സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴിവളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | പഞ്ചായത്തുകളുടേയും സഹകരണ ബാങ്കുകളുടെയും സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴി വളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ സാധിക്കുന്നതാണ്. ഈ സമീപനവും അതുമായി ബന്ധപ്പെട്ട പദ്ധതി ഘടകങ്ങളും 2023-24 സാമ്പത്തിക വർഷവും തുടരുന്നതുമാണ്. കൃഷി ഓഫീസർ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്ന കൃഷിയിട ആസൂത്രണ രേഖയിൽ ഈ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും സേവനങ്ങളുടേയും സംയോജനം വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ